**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1078** **07-12-2022 - ൽ മറുപടിയ്ക്ക്**

**കർഷകർക്കായുള്ള ജലസേചന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്. ജലസേചന വകുപ്പ് 2020-21 വർഷത്തെ കമ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കണ്ടെത്തുന്നതിന് കൃഷിവകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുകയും ജലസേചനവകുപ്പിലെയും, കൃഷിവകുപ്പിലെയും ഉദ്യോഗസ്ഥരുമാരുമായി ചേർന്ന് കൃഷി സ്ഥലങ്ങളുടെ പരിശോധന നടത്തുകയും, വിവിധഘടകങ്ങളെ (ആയക്കട്ട്, ജലലഭ്യത, കർഷകരുടെ താൽപര്യം, വൈദ്യുതി ലഭ്യത മുതലായവ) ആസ്പദമാക്കി വിവിധ ജില്ലകളിലെ പദ്ധതികളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും, അപ്രകാരം പ്രായോഗികമായ പദ്ധതികൾ ജലസേചന വകുപ്പിന്റെ പ്ലാൻഫണ്ട് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കി വരുകയും ചെയ്യുന്നു.<br><br>ഭാവിയിൽ നടപ്പിലാക്കുന്ന മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൃഷിവകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കാൻ ശ്രമിച്ചു വരുന്നു. ജലസ്രോതസ്സുകളുടെ നവീകരണവും, കൃഷിസ്ഥലം വരെ ജലം എത്തിയ്ക്കുന്ന പ്രവർത്തിയും ജലസേചനവകുപ്പും, തുടർന്ന് കർഷകന്റെ കൃഷി സ്ഥലത്തിനുള്ളിലെ മൈക്രോ ഇറിഗേഷൻ സിസ്റ്റം കൃഷിവകുപ്പും കർഷകരും ചേർന്ന് നടപ്പിലാക്കുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ